# ക്രിസ്തുരാജ് ഹയർ സെക്കന്ററി സ്കൂൾ, കൊല്ലം.

## വജ്ര ജൂബിലി നിറവിൽ

വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ തനതായ മുദ്ര പതിപ്പിച്ച മാതൃകാ വിദ്യാലയമാണ് ക്രിസ്തുരാജ് ഹയർ സെക്കന്ററി സ്കൂൾ. 1948 ൽ കൊല്ലം രൂപതയുടെ തദ്ദേശീയ മെത്രാൻ ആയിരുന്ന ദൈവദാസൻ റൈറ്റ് റവ. ജെറോം എം ഫെർണാണ്ടസ് 'പള്ളിയോടൊപ്പം പള്ളിക്കൂടം' എന്ന ആശയം ശിരസാവഹിച്ച് പ്രാവർത്തികമാക്കിയ ഈ സ്കൂൾ വജ്ര ജൂബിലി നിറവിലാണ്. ആദ്യ കാലത്ത് ആൺകുട്ടികളും പെൺകുട്ടികളും പഠിച്ചിരുന്ന സ്കൂളായിരുന്നു. 1962 സെപ്തംബർ 17 ന് വിദ്യാലയം ആൺ കുട്ടികൾക്ക് മാത്രമാക്കി. പെൺകുട്ടികൾക്കായി വിമല ഹൃദയ സകൂൾ സ്ഥാപിച്ചു. അന്ന് മുതൽ ക്രിസ്തുരാജ് മോഡൽ ബോയ്സ് സ്കൂൾ ആയി.

ക്രിസ്തുരാജ് സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ബ്രദർ ഇമ്മാനുവൽ ചാക്കോ ആയിരുന്നു.സമരങ്ങളുടെയും സഹനങ്ങളുടെയും വഴിയിലൂടെ കടന്നു പോയ ഈ വിദ്യാലയത്തെ സമര രഹിത വിദ്യാലയമാക്കി മാറ്റിയത് അന്തരിച്ച മുൻ ഹെഡ്മാസ്റ്റർ ശ്രീ.അനസ്താസ് ആണ്. തുടർന്ന് വന്ന ഹെഡ്മാസ്റ്ററും ആദ്യ പ്രിൻസിപ്പാൾ ഇൻ ചാർജ്ജുമായ ശ്രീ.ബ്രൂണോ എം.ഫെർണാണ്ടസും വിദ്യാലയത്തിന്റെ മഹത്വം ഉയർത്താൻ നിർണായക പങ്ക് വഹിച്ചു. അധ്യാപകനായും ഹെഡ്മാസ്റ്ററായും പ്രിൻസിപ്പാൾ തസ്തികയിലും സേവനമനുഷ്ഠിച്ച ശ്രീ.ബ്രൂണോ എം.ഫെർണാണ്ടസ് 2000 ലെ മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ് കരസ്ഥമാക്കി.

1998 ൽ സ്കൂളിൽ പ്ലസ് ടു സ്ഥാപിതമായി.അക്കാലത്ത് ഹൈസ്കൂൾ കെട്ടിടത്തിലായിരുന്നു പ്ലസ് ടു ക്ലാസ്സുകൾ നടന്നിരുന്നത് .1999 ൽ ശ്രീ. ബ്രൂണോ എം.ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ ഗോൾഡൻ ജൂ ബിലി ബ്ലോക്ക് എന്ന പേരിൽ പ്ലസ് ടു വിന് പുതിയ കെട്ടിടം നിർമ്മിച്ചു നല്കി. 2003 ഓഗസ്റ്റ് 6 ന് ശ്രീ.ജോൺ ഡോമസിൻ ജെ.യുടെ നേതൃത്വത്തിൽ ഐ.റ്റി ബ്ലോക്ക് സ്ഥാപിച്ചു. 2009 – 10 വർഷത്തിൽ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ.ജെ.ജോൺ സുനാമി കെട്ടിടം സ്ഥാപിച്ചു. 2011 ൽ പ്രിൻസിപ്പാൾ ആയിരുന്ന ശ്രീ. ഫ്രാൻസിസ് ജി റോസാമിസ്റ്റിക്ക എന്ന കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തികരിച്ചു. തു ടർന്ന് 2015 ൽ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ച ശ്രീ.റോയ് സെബാസ്റ്റ്യൻ അതേ ബ്ലോക്കിൽ രണ്ടാം നിലയും ആഡിറ്റോറിയവും നിർമ്മിച്ചു.

ഈ സ്കൂളിലെ പല പൂർവ്വ വിദ്യാർത്ഥികളും വിവിധ മേഖലകളിൽ പ്രശസ്തരാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. മുൻ ഇൻഡ്യൻ പ്രസിഡന്റ് ശ്രീമതി. പ്രതിഭാ പാട്ടീലിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ.ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ്, പ്രശസ്ത ഫിസിഷ്യൻ ഡോ.ജോൺ സക്കറിയ, മുൻ തൊഴിൽ വക ുപ്പ് മന്ത്രി ശ്രീ. ബാബു ദിവാകരൻ, കൊല്ലം മുൻ മേയർ അഡ്വ. രാജേന്ദ്ര ബാബു, ഷെവലിയാർ സി. ഇ. ഫെർണാണ്ടസ് എന്നിങ്ങനെ ഈ പട്ടിക തുടരുന്നു. നാളിതുവരെ 22 വ്യക്തിത്വങ്ങളാണ് സ്കൂൾ സാരഥ്യം ഏറ്റെടുത്തത്.ഇപ്പോൾ ഈ സ്കൂളിന്റെ പ്രിൻസിപ്പാളായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഫ്രാൻസിസ് ജി, ഹെഡ്മാസ്റ്റർ ശ്രീ.റോയ്സ്റ്റൺ എ, ഒപ്പം സ്കൂളിന്റെ ഉയർച്ചയ്ക്കായി യത്നിക്കുന്ന അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർ ക്ക് കൃതജ്ഞത അർപ്പിക്കുന്നു.

വജ്ര ജൂബിലി നിറവിലെത്തിയ സ്കൂളിന് അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങൾ ഉണ്ട്. തുടർച്ചയായി അഞ്ചാം വർഷവും എസ്. എസ്. എൽ. സി. പരീക്ഷയിൽ 100% വിജയവും ഹയർ സെക്കന്ററി പരീക്ഷയിൽ മുഴുവൻ മാർക്ക് നേടിയ കുട്ടികളും കായിക ഇനങ്ങളിൽ സംസ്ഥാന തലത്തിൽ സ്വർണ്ണമെഡൽ നേടിയ ക ുട്ടികളും നിരവധി ഇന്റർ സ്കൂൾ ക്വിസ് മൽസരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികളും സ്കൂളിന്റെ യശസ്സ് ഉയർത്തി. ഈ വർഷത്തെ കേരള സ്കൂൾ കലോത്സവത്തിന് നാടകം, വൃന്ദവാദ്യം, വയലിൻ എന്നീ ഇനങ്ങളിൽ എ ഗ്രേഡ് നേടുകയും ചെയ്തു.

സ്കൂൾ സ്ഥാപിച്ച ദൈവദാസൻ റൈറ്റ് റവ. ജെറോം എം ഫെർണാണ്ടസിന്റെ കബറിടത്തിൽ നിന്നും പദയാത്രയോടുകൂടി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് ഇന്റർ സ്കൂൾ ഫുട്ബോൾ മത്സരം, ഫുഡ് ഫെസ്റ്റ്, ഗുരു വന്ദനം, ക്വിസ് മത്സരം, അപ്പർ പ്രൈമറി കുട്ടികൾക്കായി സമ്മർ ക്യാമ്പ്, മെഡിക്കൽ ക്യാമ്പ്, സമ്മർ ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, ടേബിൾ ടെന്നീസ് അക്കാദമി, അധ്യാപക ശാക്തീകരണ പരിപാടികൾ എന്നിവ നടത്തി.

2024 ജനുവരി 24 ന് വജ്രജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിക്കുന്നു. ആയതിന്റെ പ്രചരണാർത്ഥം ജനുവരി 22,23 തിയതികളിലായി പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ കലാജാഥ സംഘടിപ്പിക്കുന്നു. 2024 ജനുവരി 24 ന് നടക്കുന്ന പൊതുസമ്മേളനം കൊല്ലം രൂപതാ മെത്രാൻ മോസ്റ്റ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരിയുടെ അധ്യക്ഷതയിൽ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻ കുട്ടി ഉദ്ഘാടനം നിർവ്വഹിക്കുന്നു. കൊല്ലം രൂപത എഡ്യൂക്കേഷൻ സെക്രട്ടറി റവ. ഫാ. ബിനു തോമസ്, ഇരവിപുരം എം എൽ എ ശ്രീ എം നൗഷാദ്, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ ഐ ലാൽ, ആർ ഡി ഡി ശ്രീമതി സുധ കെ, ലോക്കൽ മാനേജർ റവ.ഫാ. ബഞ്ചമിൻ പള്ളിയാടി മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ പങ്കെടുക്കുന്നു. സിനിമ താരം മനോജ് ഗിന്നസ് അവതരിപ്പിക്കുന്ന കോമഡി പ്രോഗ്രാം, കുട്ടികളുടെ കലാവിരുന്ന് എന്നിവയും നടത്തപ്പെടുന്നു.